LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടി വ്യവസായത്തിലെ പ്രശ്നങ്ങളെക്കുറിച്ച് പഠനം

*18 [485] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

,, കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിലെ പ്രശ്നങ്ങളെക്കുറിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; സർക്കാർ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നു;

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വ്യവസായത്തിൽ എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഇല്ല

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

ഇന്ധനക്ഷമത വർദ്ധിപ്പിക്കാൻ നടപടി

*19 [486] ശ്രീ. കെ. നാരായണക്കുറുപ്പ് :

,, റോഷി അഗസ്റ്റിൻ :

,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി.-യെ ലാഭകരമാക്കുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) വാഹനങ്ങളുടെ ഇന്ധനക്ഷമത വർദ്ധിപ്പിച്ചാൽ കെ. എസ്. ആർ. ടി. സി. ലാഭകരമാകുമെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഡ്രൈവർമാർക്ക് ഇക്കാര്യത്തിൽ ആവശ്യമായ പരിശീലനം നല്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) :

(എ) കെ. എസ്. ആർ. ടി. സി.-യെ ലാഭകരമാക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനും, ചെലവുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനായി ആധുനിക രീതിയിലുള്ള എയർകണ്ടീഷൻ എയർ ബസ്സുകളും ഹൈടെക്ക്, ലോ-ഫ്ലോർ ബസ്സുകളും കൂടുതൽ മിനി ബസ്സുകളും നിരത്തിലിറക്കുന്നതാണ്. ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി വൈദ്യുതി, ടെലിഫോൺ എന്നിവയുടെ ഉപയോഗത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്ധനക്ഷമത കൈവരിച്ചും ബസ്-സ്റ്റാഫ് അനുപാതം കുറച്ചും, നഷ്ടത്തിൽ ഓടുന്ന ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചും വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുന്നുണ്ട്. കെ. എസ്. ആർ. ടി. സി.-യുടെ നഷ്ടം കുറയ്ക്കുന്നതിനായി കെ. എസ്. ആർ. ടി. സി.-യ്ക്ക് ധനസഹായം നൽകുന്നതിന്റെ ഭാഗമായി 15 കോടി രൂപ ഈ വർഷം വായ്പയായി നൽകിയിട്ടുണ്ട്. 5 കോടി രൂപ കൂടി നൽകുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി) ഇന്ധനക്ഷമത വർദ്ധിപ്പിക്കുക വഴി ചെലവു ചുരുക്കുകയും വരുമാനത്തിൽ വർദ്ധനവുണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്താൽ കെ. എസ്. ആർ. ടി. സി. ലാഭകരമാകുമെന്ന് കരുതുന്നു.

(സി) ഉണ്ട്.

(ഡി) ഉണ്ട്. ഡ്രൈവർമാർക്ക് മെച്ചപ്പെട്ട ഡ്രൈവിംഗ് പരിശീലനം കെ. എസ്. ആർ. ടി. സി-യുടെ സ്റ്റാഫ് ട്രെയിനിംഗ് സെന്ററിലൂടെ വിദഗ്ദരായവരുടെയും, പി.സി.ആർ.എ. (പെട്രോളിയം കൺസർവേഷൻ ആന്റ് റിസേർച്ച് അസ്സോസിയേഷൻ) തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്താലും ലഭ്യമാക്കുന്നുണ്ട്.

ഇന്ധനക്ഷമത വർദ്ധിപ്പിക്കുകയെന്ന ആശയം ജീവനക്കാരിൽ എത്തിക്കുന്നതിന് ഈ വർഷം സേവ് ഫ്യൂവൽ 2005 ആയി ആചരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly